# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -27/10/2021

1. പ്രളയക്കെടുതിയിൽ വിളനാശം സംഭവിച്ച കർഷകർ എത്രയും പെട്ടെന്ന് വിവരങ്ങൾ കൃഷിഭവനുകളിൽ അറിയിക്കേണ്ടതാണ്. നഷ്ടപരിഹാരത്തിന് AIMS വെബ് പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. AIMS പോർട്ടലിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കർഷകർ നഷ്ടപരിഹാരത്തിനായി അവരുടെ 'ലോഗ് ഇൻ' ഐഡി ഉപയോഗിച്ച് പോർട്ടലിൽ അപേക്ഷിക്കാവുന്നതാണ്. ഇത് കർഷകർക്ക് സ്വന്തമായോ, അക്ഷയ സെന്ററുകൾ മുഖേനയോ, കോമൺ ഫെസിലിറ്റേഷൻ സെന്റർ മുഖേനയോ, കൃഷിഭവൻ മുഖേനയോ ചെയ്യാവുന്നതാണ്. വിള ഇൻഷുറൻസ് പദ്ധതി പ്രകാരം വിള ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർ കൃഷി നാശം സംഭവിച്ച് 15 ദിവസത്തിനകത്തും ഇൻഷ്വർ ചെയ്തിട്ടില്ലാത്ത കർഷകർ പ്രകൃതിക്ഷോഭം മൂലം വിളനാശമുണ്ടായി 10 ദിവസത്തിനുള്ളിലും നഷ്ടപരിഹാരത്തിനായി AIMS പോർട്ടൽ മുഖേന അപേക്ഷിക്കേണ്ടതാണ്.

2. പശുക്കളെ നഷ്ടപ്പെട്ടവർക്ക് ദുരന്തനിവാരണ നിയമം അനുസരിച്ച് സഹായമായി പശു ഒന്നിന് 30,000 രൂപ സർക്കാർ നഷ്ട പരിഹാരം നൽകും. പശുക്കിടാവിന് 15000 രൂപയും കോഴികൾക്ക് 200 രൂപയും നഷ്ടപരിഹാരമായി ലഭിയ്ക്കും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

3. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) നടത്തുന്ന പരിശീലനങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് (ഒക്ടോബർ 27) രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ എൻ.ഐ.ആർ.റ്റി.-യിലെ ഡെപ്യൂട്ടി ഡയറക്ടർ ഫോണിലൂടെ മറുപടി നൽകും. താൽപര്യമുള്ളവർ **0481 2576622** എന്ന കോൾസെന്റർ നമ്പരിലേയ്ക്ക് വിളിക്കുക.

4. ക്ഷീരവികസന വകുപ്പ് 2021-22 ലെ '**ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ധനസഹായം**' വാർഷിക പദ്ധതി പ്രകാരം ക്ഷീരസംഘങ്ങളുടെ സാമ്പത്തിക സുസ്ഥിരത ഉറപ്പു വരുത്തുന്നതു ലക്ഷ്യമിട്ട് മാനേജീരിയൽ ധനസഹായം നൽകുന്നു. 2020-2021 വർഷം 250 ലിറ്ററിൽ താഴെ ശരാശരി പ്രതിദിന സംഭരണം ഉള്ള ക്ഷീരസംഘങ്ങൾക്ക് പ്രസ്തുത ധനസഹായ പദ്ധതിയ്ക്കായി അപേക്ഷിക്കാവുന്നതാണ്. ക്ഷീരസംഘം

സെക്രട്ടറി, പ്രൊക്യുർമെന്റ് അസിസ്റ്റന്റ് എന്നിവർക്ക് വേതനം നൽകുന്നതിനായി ഒരു ക്ഷീരസംഘത്തിന് പരമാവധി 35,000/- രൂപ വാർഷിക ധനസഹായം ലഭിക്കും. ക്ഷീരസംഘങ്ങൾ ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകളിൽ നിശ്ചിത അപേക്ഷാ ഫോമുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**പരിശീലന പരിപാടികൾ**

5. കേരള കാർഷിക സർവകലാശാലയിലെ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ്, വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിൽ വച്ച് നവംബർ മാസം **10,11,12** തീയതികളിൽ രാവിലെ 10.30 മണി മുതൽ **ഹൈടെക്ക് അടുക്കളതോട്ട നിർമ്മാണവും പരിപാലനവും** എന്ന വിഷയത്തിൽ 3 ദിവസത്തെ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ **7025498850, 7736690639, 7034215912, 0487 2960079** എന്നീ നമ്പരുകളിൽ രാവിലെ 10 മുതൽ 4 വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

6. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ **ഫോഡർ വിളകളും കന്നുകാലികളുടെ തീറ്റക്രമവും** എന്ന വിഷയത്തിൽ ഇന്ന് (27/10/21 - ന്) മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് രാവിലെ 10.00 മുതൽ 4.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവ കൊണ്ടുവരേണ്ടതാണ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പരമാവധി 30 പേർക്കായിരിക്കും പരിശീലനം. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491-2815454 എന്ന നമ്പറിലേക്ക് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണെന്നു മലമ്പുഴ മൃഗസംരക്ഷണപരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

7. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (27/10/2021) രാവിലെ 10.30 ന് **സയന്റിഫിക് ഫോഡർ കൾട്ടിവേഷൻ ആന്റ് പ്രിസർവേഷൻ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി meet.google.com/qdo-ubsz-huc എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീരകർഷകർക്കായി **ശുദ്ധമായ പാലുൽപാദനം** എന്ന വിഷയത്തിൽ രണ്ടു ദിവസത്തെ ക്ലാസ്റൂം പരിശീലന പരിപാടി **ഇന്നും നാളെയുമായി** (ഒക്ടോബർ 27,28) രാവിലെ 10 മണി മുതൽ ഈരയിൽക്കടവിൽ പ്രവർത്തിക്കുന്ന ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. താൽപര്യമുള്ളവർ **6465445536** എന്ന നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ നിർബന്ധമായും സ്വീകരിച്ചവരും ആയതിന്റെ സർട്ടിഫിക്കറ്റ് ഉള്ളവരും ആയിരിക്കണം. പരിശീലനത്തിൽ പങ്കെടുക്കാൻ ആധാർകാർഡ്, കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്.

9. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നാളെ (28.10.2021) രാവിലെ 11 മണി മുതൽ **ക്ഷീരമേഖലയിലെ സംരഭകത്വ സാധ്യതകളും സാമ്പത്തിക സ്രോതസുകളും** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ **9947775978** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്നും നാളെയുമായി (ഒക്ടോബർ 27,28) **കറവപ്പശു പരിപാലനം** എന്ന വിഷയത്തിൽ സൗജന്യ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ 04829 - 234323 എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്നും നാളെയുമായി (27.10.2021, 28.10.2021) തീയതികളിൽ **ആട് വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നതാണ് പങ്കെടുക്കാൻ താല്പര്യമുള്ളവർ 0471 - 2732918 എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.